"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**


**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ നഴ്സിംഗ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള ആറ് കോടി രൂപയ്ക്ക് ഭരണാനുമതിയും ക്രയാനുമതിയും അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.


---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

G.O.(Ms)No.273/2023/H&FWD തീയതി,തിരുവനന്തപുരം, 05-10-2023

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 102/2017/ധന തീയതി 07.08.2017

2. സ.ഉ. (കൈ) നം. 198/2023/ആ.കു.വ തീയതി 12.08.2023

3 സ.ഉ (സാധാ) നം. 2193/2023/ആ.കു.വ തീയതി 25.08.2023

4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 26.09.2023 തീയതിയിലെ എൻസി3/2408/2023/മെ.വി.വ നമ്പർ കത്ത്.

5. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 01.10.2023 തീയതിയിലെ സി2/5319/2023/മെ.വി.വ പാർട്ട്(1)/(2)/(3)/(4)/(5) നമ്പർ കത്തുകൾ.

6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 02.10.2023 തീയതിയിലെ സി2/5319/2023/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

2023-24 അധ്യയന വർഷം തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ആരംഭിക്കുന്ന പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെ തനത് ഫണ്ടിൽനിന്നും 6 കോടി രൂപ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 5,87,30,213 രൂപക്കുള്ള ക്രയാനുമതി , സ്റ്റോർ പർച്ചേസ് മാനുവൽ, പരാമർശം (1) സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി , പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നൽകിയിരുന്നു. അനുവദിച്ച തുക വകുപ്പ് തലവനുള്ള ധനവിനിയോഗ അധികാരപരിധി കടന്നതിനാൽ , ഭരണ വകുപ്പിൽ നിക്ഷിപ്തമായ ധനവിനിയോഗ അധികാരം ഉപയോഗിച്ചുകൊണ്ട് സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം ഉത്തരവ് നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5,6) കത്തുകൾ പ്രകാരം പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. ഫർണ്ണിച്ചർ, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും പർച്ചേസ്, സർക്കാർ കെട്ടിടങ്ങളുടെ പുനരുദ്ധാരണം എന്നിവയ്ക്കാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി തേടിയിരിക്കുന്നത്. പ്രസ്തുത ഇനങ്ങൾക്ക് ആവശ്യമായിവരുന്ന തുക പരാമർശം (1) പ്രകാരം ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ ഭരണ വകുപ്പിന് അനുവദിക്കാൻ കഴിയുന്ന ധനവിനിയോഗ പരിധിക്കുള്ളിലാണ്. അതേ സമയം സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് എസ്റ്റിമേറ്റ് തുക, കെട്ടിടത്തിന്റെ മൂലധന ചെലവിന്റെ 10%-ത്തിൽ അധികരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമയബന്ധിതമായി നേഴ്സിംഗ് കോളേജുകൾ 2023-24 വർഷം അധ്യയനത്തിനു സജ്ജമാക്കുന്നതിനായി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5,6) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചു കൊണ്ട് സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന മരാമത്ത് പണികൾ ചെയ്യുന്നതിനും, സ്റ്റോർ പർച്ചേസ് റൂൾസ്/ മാനുവലിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെ കമ്പ്യൂട്ടർ, ഫർണിച്ചർ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനും ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം 6 കോളേജുകൾക്കുമായി

ആകെ 2,39,62,000/- രൂപയുള്ള ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തരവാകുന്നു.

| ക്രമ നം. | കോളേജ് | ചെലവിനം, തുക | | | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| | | ഫർണ്ണിച്ചർ (തുക ലക്ഷത്തിൽ) | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (തുക ലക്ഷത്തിൽ) | സർക്കാർ കെട്ടിടങ്ങളുടെ പുനരുദ്ധാരണം (തുക ലക്ഷത്തിൽ) | |
| 1 | തിരുവനന്തപുരം | 10 | 10 | NIL | 20 |
| 2 | പത്തനംതിട്ട | 10 | 10 | 25 | 45 |
| 3 | ഇടുക്കി | 10 | 9.62 | 25 | 44.62 |
| 4 | പാലക്കാട് | 10 | 10 | 20 | 40 |
| 5 | വയനാട് | 10 | 10 | 25 | 45 |
| 6 | കാസർഗോഡ് | 10 | 10 | 25 | 45 |
| | ആകെ | 60 | 59.62 | 120 | **239.62** |

4. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ Centrallized Procurement and Rate Contract System(CPRCS) പോർട്ടൽ മുഖേന വാങ്ങുന്നതിന് 100% തുക അഡ്വാൻസായി നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

5. പരാമർശം (3) സർക്കാർ ഉത്തരവ് മേൽ വിവരിച്ച പ്രകാരം ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ആഫീസ്).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 05-10-2023 17:06:35
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.